ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01.04.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ഡിജിറ്റൽ പണമിടപാടുകളിൽ ഇന്ത്യയെ ആഗോള തലത്തിൽ എത്തിക്കാൻ ആർ ബി ഐ നിർണ്ണായക പങ്ക് വഹിച്ചതായി രാഷ്ട്രപതി ദ്രൗപദി മുർമു.

   RBI played a key role in making India a global leader in digital payments, says President Draupadi Murmu.

2. ചിലി പ്രസിഡൻ്റ് ഗബ്രിയേൽ ബോറിക് അഞ്ചു ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തി. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ചർച്ച നടത്തുന്നു.

   Chilean President Gabriel Boric arrives in India for a five-day visit. He is holding discussions with Prime Minister Narendra Modi.

3. നക്സൽ മുക്ത ഇന്ത്യയ്ക്കായി സർക്കാർ വലിയ ചുവടുവയ്പ്പുകൾ നടത്തുന്നതായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ.

   Government is taking a giant stride towards building a Naxal-free India says Union Home Minister Amit Shah.

4. ലോകത്തിലെ മികച്ച പത്ത് സമ്പദ്‌വ്യവ സ്ഥകളിൽ ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ്‌വ്യവസ്ഥയാണ് ഇന്ത്യയെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്.

Union Minister Ashwini Vaishnaw states that India is the fastest-growing economy among the top ten economies in the world.

5. കേരളത്തിലെ ആശാ പ്രവർത്തകരുടെ പ്രശ്നങ്ങൾ കേന്ദ്ര സർക്കാരുമായി ചർച്ച ചെയ്യാൻ ആരോഗ്യമന്ത്രി വീണ ജോർജ് ന്യൂഡൽഹിയിൽ എത്തി.

Health Minister Veena George arrives in New Delhi to discuss the issues of ASHA workers with the central government.

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ലഖ്നൗ സൂപ്പർ ജയൻറ്സ്- പഞ്ചാബ് കിംഗ്സ് പോരാട്ടം. ഐഎസ്എൽ സെമി ഫൈനൽ മത്സരങ്ങൾക്ക് നാളെ തുടക്കം.

In IPL cricket today, Lucknow Super Giants to face Punjab Kings. Semi-final matches of the ISL to begin tomorrow.

************************

## PARLIAMENT

വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് ലോക്സഭയിൽ നടപടികൾ തടസപ്പെട്ടു. ലോക്സഭ രണ്ടു മണിവരെ നിർത്തിവച്ചു. രാജ്യസഭയിൽ നടപടികൾ പുരോഗമിക്കുന്നു.

************************

## PREZ-RBI (INTRO)

ഡിജിറ്റൽ പണമിടപാടുകളിൽ ഇന്ത്യയെ ആഗോള തലത്തിൽ മുന്നിൽ എത്തിക്കാൻ ആർ ബി ഐ നിർണ്ണായക പങ്ക് വഹിച്ചതായി രാഷ്ട്രപതി ദ്രൗപദി മുർമു. റിസർവ് ബാങ്കിൻറെ 90-ാം വാർഷികാഘോഷ സമാപനച്ചടങ്ങിനെ മുംബൈയിൽ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി.

(വോയിസ് )

സാമ്പത്തിക മേഖലയെ ശക്തിപ്പെടുത്തുന്നതിന് ആർബിഐ വഹിച്ച പങ്ക് എടുത്തുപറഞ്ഞ ശ്രീമതി മുർമു കൃഷി, ചെറുകിട ബിസിനസ്, ഭവന മേഖല എന്നിവക്ക് റിസർവ് ബാങ്ക് പിന്തുണ നൽകിയതായും പറഞ്ഞു. കേന്ദ്ര മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ, ആർ ബി ഐ ഗവർണർ സഞ്ജയ്

മൽഹോത്ര, മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നവീസ് തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരിന്നു.

**********************

## CHILE PREZ VISIT

ചിലി പ്രസിഡന്റ് ഗബ്രിയേൽ ബോറിക്കുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി കൂടിക്കാഴ്ച നടത്തുന്നു. രാഷ്ട്രപതി ദ്രൗപദി മുർമു ഒരുക്കുന്ന വിരുന്നിലും ചിലി പ്രസിഡൻറ് പങ്കെടുക്കും. അഞ്ചു ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ ചിലി പ്രസിഡൻറ് വിദേശകാര്യമന്ത്രി എസ് ജയശങ്കറുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യ- ചിലി സഹകരണം മെച്ചപ്പെടുത്താനുള്ള ഗബ്രിയേൽ ബോറിക്കിൻറെ ശ്രമങ്ങളെ ശ്രീ ജയശങ്കർ അഭിനന്ദിച്ചു. വ്യാപാര- വ്യവസായ പ്രതിനിധികൾ, സ്റ്റാർട്ടപ്പുകൾ, സാങ്കേതിക വിദഗ്ധർ എന്നിവരുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും. ഇരു രാജ്യങ്ങളും തമ്മിലുള്ള 75 വർഷത്തെ നയതന്ത്ര ബന്ധം കൂടുതൽ ദൃഢമാക്കുന്നതിന് സന്ദർശനം സഹായകമാകും.

**********************

## AMIT SHAH-LWE

നക്സൽ മുക്ത ഇന്ത്യയ്ക്കായി സർക്കാർ വലിയ ചുവടുവയ്പുകൾ നടത്തുന്നതായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. ഇടതുപക്ഷ തീവ്രവാദം ശക്തമായ ജില്ലകളുടെ എണ്ണം 12ൽ നിന്ന് ആറായി കുറഞ്ഞതായും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. എല്ലാ വിഭാഗം ജനങ്ങളുടെയം ക്ഷേമം ഉറപ്പാക്കി ശക്തവും സുരക്ഷിതവുമായ രാജ്യം കെട്ടിപ്പടുക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

**********************

## VAISHNAW-CBI LECTURE (INTRO)

ലോകത്തിലെ മികച്ച പത്ത് സമ്പദ്‌വ്യവ സ്ഥകളിൽ ഏറ്റവും വേഗത്തിൽ വളരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥയാണ് ഇന്ത്യയെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. ലോകത്തെ മൂന്നാമത്തെ വലിയ സാമ്പത്തിക ശക്തിയായി മാറാനുള്ള യാത്രയിലാണ് രാജ്യമെന്നും അദ്ദേഹം പറഞ്ഞു. സിബിഐയുടെ 62-ാം സ്ഥാപക ദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ നടക്കുന്ന ആഘോഷ പരിപാടിയിൽ സിബിഐ സ്ഥാപക ഡയറക്ടർ ഡിപി കോഹ്‌ലി അനുസ്മരണ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം .

(വോയിസ്....... )

ചടങ്ങിൽ വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ പൊലീസ്

മെഡലുകളും സ്തുത്യർഹ സേവനത്തിനുള്ള പൊലീസ് മെഡലുകളും കേന്ദ്രമന്ത്രി സമ്മാനിച്ചു.

**********************

## SUNITA WILLIAMS-INDIA

ഇന്ത്യൻ ബഹിരാകാശ ദൗത്യങ്ങളിൽ പങ്കാളിയാകാൻ ആഗ്രഹിക്കുന്നതായി സുനിത വില്യംസ്. തൻറെ അനുഭവസമ്പത്ത് പങ്കുവെക്കുന്നതിലും ഇന്ത്യയുടെ ബഹിരാകാശ യജ്ഞങ്ങളെ പിന്തുണയ്ക്കുന്നതിലും സന്തോഷമുണ്ടെന്നും അവർ വാർത്താസമ്മേളനത്തിൽ പറഞ്ഞു . ബഹിരാകാശത്ത് നിന്ന് ഇന്ത്യയെ വീക്ഷിച്ചത് അത്ഭുതകരമായ ഒരു അനുഭവം ആയിരുന്നു എന്നും സുനിത പറഞ്ഞു.

**********************

## Viksit Bharat Youth Parliament

യുവജനകാര്യ, കായിക മന്ത്രാലയത്തിൻറെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന മൂന്ന് ദിവസത്തെ വികസിത് ഭാരത് യൂത്ത് പാർലമെൻറിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. രാഷ്ട്രീയവും പൊതുനയവുമായി യുവജനങ്ങളെ ബന്ധിപ്പിക്കുന്നതിനും ഭരണത്തിലും രാഷ്ട്രനിർമ്മാണത്തിലും യുവജന പങ്കാളിത്തം ഉറപ്പാക്കുന്നതിനുമുള്ള വേദിയാണ് പരിപാടി.

**********************

## JOSHI-WAQF

വഖഫ് ഭേദഗതി ബിൽ ആരുടെയും സ്വത്ത് കണ്ടുകെട്ടാൻ ഉദ്ദേശിച്ചുള്ളതല്ലെന്ന് കേന്ദ്രമന്ത്രി പ്രൽഹാദ് ജോഷി. നീതി ഉറപ്പാക്കുക എന്നതാണ് ബില്ലിന്റെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു. അതേസമയം, വഖഫ് ഭേദഗതി ബില്ലിനെക്കുറിച്ച് വിശദമായ ചർച്ച നടത്തണമെന്നും തിടുക്കത്തിൽ പാസാക്കരുതെന്നും കോൺഗ്രസ് എംപി ഉജ്ജ്വൽ രാമൻ ആവശ്യപ്പെട്ടു.

**********************

## Veena George

കേരളത്തിലെ ആശാ പ്രവർത്തകരുടെ പ്രശ്നങ്ങൾ കേന്ദ്ര സർക്കാരുമായി ചർച്ച ചെയ്യാൻ ആരോഗ്യമന്ത്രി വീണ ജോർജ് ന്യൂഡൽഹിയിൽ എത്തി. കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നദ്ദയുമായി ശ്രീമതി വീണ ജോർജ് കൂടിക്കാഴ്ച് നടത്തും. ഉച്ചയ്ക്ക് ശേഷം കൂടിക്കാഴ്ച നടത്തുമെന്നാണ് സൂചന. ഇന്ന് രാവിലെ 10 മണിയോടെയാണ് ആരോഗ്യ മന്ത്രി ന്യൂഡൽഹിയിൽ എത്തിയത്.

**********************

## Eravikulam National Park (INTRO)

ഇരവികുളം ദേശീയോദ്യാനം വിനോദ സഞ്ചാരികൾക്കായി തുറന്നു. വരയാടുകളുടെ പ്രജനനകാലം അവസാനിച്ചതോടെയാണ് രണ്ടുമാസമായി അടച്ചിട്ടിരുന്ന ഉദ്യാനം തുറന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.**

**(ഹോൾഡ് വോയ്സ്......)**

**********************

## Painkuni -Sabarimala

തിരുവനന്തപുരം ശ്രീ പദ്മനാഭ സ്വാമി ക്ഷേത്രത്തിലെ പൈങ്കുനി ഉത്സവത്തിന് നാളെ കൊടിയേറും.

രാവിലെ 8.45 ന് കൊടിയേറ്റിൻറെ ചടങ്ങുകൾ ആരംഭിക്കും. പൈങ്കുനി ഉത്രം മഹോത്സവം - മേട മാസ, വിഷു പൂജകൾക്കായിശബരിമല ക്ഷേത്രനട ഇന്നു വൈകുന്നേരം നാലിന് തുറക്കും. നാളെ രാവിലെ സന്നിധാനത്ത് കൊടിയേറ്റ് നടക്കും.

**********************

## UNIVERSITY OF KERALA - ANSWER PAPER

കേരള സർവ്വകലാശാലയിലെ എംബിഎ വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകൾ നഷ്ടപ്പെട്ട സംഭവത്തിൽ പരീക്ഷ വിഭാഗത്തിൻറെ അടിയന്തര യോഗം ഇന്ന് ചേരും. വിദ്യാർത്ഥികൾക്ക് പ്രയാസം ഉണ്ടാകാത്ത തരത്തിൽ പ്രശ്നപരിഹാരത്തിന് ശ്രമിക്കുമെന്നാണ് സർവ്വകലാശാലയുടെ നിലപാട്.

**********************

## IPL T20 CRICKET

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ലഖ്നൗ സൂപ്പർ ജയന്റ്സ്, പഞ്ചാബ് കിംഗ്സിനെ നേരിടും. ലഖ്നൗവിലെ ഏകാന സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം.

**********************

## ISL

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോൾ സെമി ഫൈനൽ മത്സരങ്ങൾക്ക് നാളെ തുടക്കം. ഗോവ - ബംഗളുരുവിനെയും മോഹൻ ബഗാൻ - ജംഷഡ്പുരിനെയും നേരിടും. ഈ മാസം 12 നാണ് ഫൈനൽ.

**********************

## US - Houthi

യുഎസ് കപ്പലുകൾക്കെതിരെ
യെമനിലെ ഹൂതികൾ ഉയർത്തുന്ന ഭീഷണി അവസാനിക്കും വരെ പ്രത്യാക്രമണം തുടരുമെന്ന് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. രണ്ടാഴ്ചയായി തുടർച്ചയായി നടത്തിയ ആക്രമണങ്ങളിൽ ഇറാൻ പിന്തുണയുള്ള ഹൂതി തീവ്രവാദികൾക്ക് കനത്ത ആഘാതം ഉണ്ടായതായും ട്രംപ് സമൂഹമാധ്യമത്തിൽ കുറിച്ചു.

***********************

## Operation Brahma-MYANMAR

ഓപ്പറേഷൻ ബ്രഹ്മയുടെ ഭാഗമായി 500 ടണ്ണിലധികം സഹായ സാമഗ്രികളുമായി ഇന്ത്യയുടെ മൂന്ന് നാവികസേനാ കപ്പലുകൾ കൂടി മ്യാൻമറിലെ യാങ്കോണിലേക്ക് യാത്രതിരിച്ചു. 16 ടൺ ഭക്ഷ്യ വസ്തുക്കൾ ഉൾപ്പെടെയുള്ള മാനുഷിക സഹായവുമായി വ്യോമസേനയുടെ സി-130 ജെ വിമാനം മണ്ഡലയിലേക്ക് പുറപ്പെട്ടതായി വിദേശകാര്യമന്ത്രി എസ് ജയശങ്കർ പറഞ്ഞു. അതേസമയം വെള്ളിയാഴ്ചയുണ്ടായ ഭൂകമ്പത്തിൽ മരണസംഖ്യ 2000 കവിഞ്ഞു.

***********************

## LPG - PRICE DROP

ഡൽഹിയിൽ വാണിജ്യ എൽപിജി ഗ്യാസ് സിലിണ്ടറുകളുടെ വില 41 രൂപ കുറച്ചു. വില മാറ്റം ഇന്ന് മുതൽ പ്രാബല്യത്തിൽ വരും. ദേശീയ തലസ്ഥാനത്ത് 19 കിലോഗ്രാം വാണിജ്യ സിലിണ്ടറിൻറെ പുതിയ വില 1,762 രൂപയാണ്. കൊൽക്കത്തെയിൽ 44 രൂപ 50 പൈസയും മുംബൈയിൽ 42 രൂപയും ചെന്നൈയിൽ 43 രൂപ 50 പൈസയും വില കുറഞ്ഞു.

***********************

## IMD- MOHAPATRA

രാജ്യത്തിൻറെ മിക്ക ഭാഗങ്ങളിലും ജൂൺ വരെ ഉയർന്ന താപനിലക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. രാജ്യത്തിൻറെ മിക്ക ഭാഗങ്ങളിലും ഉഷ്ണതരംഗ സാധ്യതയുണ്ടെന്നും കാലാവസ്ഥാ വകുപ്പ് ഡയറക്ടർ ജനറൽ മൃത്യുഞ്ജയ് മൊഹപത്ര പറഞ്ഞു. ഈ മാസം മഴയുടെ അളവ് സാധാരണ നിലയിലായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

***********************

## Himanta Biswa Sarma

ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളെ പറ്റി ബംഗ്ലാദേശ് ഇടക്കാല സർക്കാരിൻറെ മുഖ്യ ഉപദേഷ്ടാവ് മുഹമ്മദ് യൂനുസ് നടത്തിയ പ്രസ്താവനയെ അപലപിച്ച് അസം മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ്മ. വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ കരയാൽ ചുറ്റപ്പെട്ടതിനാൽ പ്രദേശത്തു നിന്നും സമുദ്രത്തിലേക്കുള്ള ഏക മാർഗവും സമുദ്രത്തിൻറെ സംരക്ഷകനായി നിലകൊള്ളുന്നതും ബംഗ്ലാദേശാണ് എന്നുമായിരുന്നു പ്രസ്താവന. പ്രസ്താവന അംഗീകരിക്കാനാകില്ലെന്നും അസം മുഖ്യമന്ത്രി പറഞ്ഞു.

**********************

## MP LIQUOR BAN

മധ്യപ്രദേശിലെ 19 പുണ്യസ്ഥലങ്ങളിൽ മദ്യം നിരോധിച്ചുകൊണ്ടുള്ള നിയമം ഇന്ന് മുതൽ പ്രാബല്യത്തിൽ. ഉജ്ജയിൻ, ഓംകരേശ്വർ, അമർകാന്തക് , ചിത്രകൂട് ,മണ്ഡലേശ്വർ, ഓർച്ച തുടങ്ങിയ ഇടങ്ങളിലാണ് നിരോധനം.

**********************

## RATE INCREASE

കേന്ദ്ര - സംസ്ഥാന ബജറ്റുകളിൽ പ്രഖ്യാപിച്ച നിരക്ക് വർധനകളും ഇളവുകളും ഇന്ന് മുതൽ പ്രാബല്യത്തിൽ. കേരളത്തിൽ ഭൂനികുതിയിൽ 50 ശതമാനവും 23 ഇനം കോടതി ഫീസുകളിലും വർധനയുണ്ട്.15 വർഷം കഴിഞ്ഞ ഇരുചക്ര വാഹനങ്ങൾക്കും, മുച്ചക്ര വാഹനങ്ങൾക്കും, റോഡ് നികുതി 1,350 രൂപയാകും. ഇരുചക്ര- മുച്ചക്ര ഇലക്ട്രിക് വാഹനങ്ങളൊഴികെ മറ്റ് ഇലക്ട്രിക് വാഹനങ്ങൾക്ക്, നിലവിലുള്ള 5 ശതമാനം നികുതിയിൽ നിന്ന് വാഹനത്തിൻ്റെ വില അനുസരിച്ച് വർധന വരുത്തിയിട്ടുണ്ട്.

**********************

## PENSION SCHEME

കേന്ദ്ര സർക്കാർ ജീവനക്കാർക്കുള്ള ഏകീകൃത പെൻഷൻ പദ്ധതി ഇന്ന് മുതൽ പ്രാബല്യത്തിൽ. ദേശീയ പെൻഷൻ സംവിധാനത്തിന് കീഴിലാണ് പദ്ധതി. 23 ലക്ഷം കേന്ദ്ര സർക്കാർ ജീവനക്കാർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും.

**********************

******************

*********